LIBRARY ARCHIVES Kerala Legislative Assembly

ലോക്കപ്പ് മരണങ്ങൾ

174 (178) ശ്രീ. കെ. കെ. നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ലോക്കപ്പ് മരണങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് ഏതെല്ലാമാണെന്നും ഏതൊക്കെ പോലീസ് സ്റ്റേഷനുകളിലാണെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത മരണങ്ങളുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) എങ്കിൽ ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോക്കപ്പ് മരണങ്ങൾ ഉണ്ടായിട്ടില്ല.

(ബി - ഡി) ബാധകമല്ല.

ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണം

175 (179) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ആക്രമണത്തിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര പ്രതികൾ അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് 21 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ആക്രമണങ്ങളിൽ 4 പേർ കൊല്ലപ്പെട്ടിട്ടുണ്ട്.

(സി) ഈ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 164 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 54 പേർ അറസ്റ്റ് ചെയ്യപ്പെടാനുണ്ട്.